ലഭിക്കുമ്പോൾ പ്രസ്തുത ട്രെയിനിംഗ് കാലയളവ് എക്സ്പീരിയൻസ് ആയി കണക്കാക്കാറുള്ള കാര്യവും അറിയുമോ ;

(ബി) എങ്കിൽ എന്ത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എക്സ്പീരിയൻസ് കണക്കാക്കുന്നത് ?

ഉത്തരം

(എ&ബി) 6-7-1996-ലെ 514/6 എച്ച്.എൽ.ഡി. നമ്പർ ഉത്തരവ് പ്രകാരം നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ്, നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനേക്കാൾ ഉയർന്ന യോഗ്യതയാണെന്നും ടി സർട്ടിഫിക്കറ്റ്, നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനോട് കൂടിയ ഒരു വർഷ പ്രവൃത്തി പരിചയത്തിന് തുല്യമാണെന്നും സർക്കാർ ഉത്തരവുണ്ടെങ്കിലും കെ.എസ്.&എസ്.എസ്.ആർ റൂൾ (10) (എ.ബി)- യിൽ paid or non-paid apprentice കാലാവധി പ്രവൃത്തി പരിചയമായി കണക്കാക്കേണ്ട എന്ന ചട്ടം ഉള്ളതിനാൽ നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ് പ്രവൃത്തി പരിചയമായി പബ്ലിക് സർവ്വീസ് കമ്മീഷൻ കണക്കാക്കുന്നില്ല.

ഐ.ടി.ഐ.-കളിൽ ജൂനിയർ ഇൻസ്ട്രക്ടർ(വെൽഡിംഗ്)

268 (2823) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ ജൂനിയർ ഇൻസ്ട്രക്ടറുടെ (വെൽഡിംഗ്) എത്ര തസ്തികകളുണ്ടെന്നും അവയിൽ എത്ര എണ്ണം ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡിംഗ്) പി.എസ്.സി. ലിസ്റ്റ് നിലവിൽ വന്ന സാഹചര്യത്തിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) ട്രേഡിൽ 89 തസ്തികകൾ നിലവിലുണ്ട്. ഇതിൽ 10 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. ഇവ നികത്തുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly